# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/194/2017 2017 സെപ്റ്റംബർ 16

## പത്രക്കുറിപ്പ്

**എം. എസ്. ഡബ്ല്യൂ : പട്ടികജാതി/വർഗ്ഗ സീറ്റൊഴിവ്**

സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ സ്വാശ്രയ എം. എസ്. ഡബ്ല്യൂ പ്രോഗ്രാമിൽ പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളിൽ താഴെ വിവരിക്കും പ്രകാരം സീറ്റൊഴിവുണ്ട്. തൊടുപുഴ അൽ അഷർ കോളേജ് (പട്ടികജാതി 2), കോട്ടയം ബി. സി. എം കോളേജ് (പട്ടികജാതി 1), തൃക്കാക്കര ഭാരത് മാതാ കോളേജ് (പട്ടികവർഗ്ഗം 1), അങ്കമാലി ഡി. പോൾ ഇൻസ്റ്റിറ്റ്യൂട്ട് (പട്ടികജാതി 1), പെരുമ്പാവൂർ ജയഭാരത് കോളേജ് (പട്ടികവർഗ്ഗം 1), തൃക്കാക്കര കെ. എം. എം കോളേജ് (പട്ടികജാതി 1), മാന്നാനം കെ. ഇ. കോളേജ് (പട്ടികജാതി 1), കോന്നി മന്നം മെമ്മോറിയൽ എൻ. എസ്. എസ് കോളേജ് (പട്ടികവർഗ്ഗം 1),രാമപുരം എം. എ. കോളേജ് (പട്ടികജാതി 1), തൊടുപുഴ ശാന്തിഗിരി കോളേജ് (പട്ടികജാതി 1), പരുമല സെന്റ് ഗ്രിഗോറിയസ് കോളേജ് (പട്ടികജാതി 1), മൂലമറ്റം സെന്റ് ജോസഫ് കോളേജ് (പട്ടികജാതി 1, പട്ടികവർഗ്ഗം 1), കോതമംഗലം യെൽദോ മാർബസേലിയസ് കോളേജ് (പട്ടികജാതി 1) താൽപര്യമുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന അപേക്ഷകർ സെപ്തംബർ 20 ന് രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം സർവ്വകലാശാല കോമൺ അഡ്മിഷൻ ടെസ്റ്റ് വിഭാഗത്തിൽ (CAT CELL) ഹാജരാകണം.

**എം.ജി. ബി.പി.എഡ്/ബി.എൽ.ഐ.എസ്.സി. ഏകജാലക പ്രവേശനം: സപ്ലിമെന്ററി അലോട്ട്മെന്റിന് ഓപ്ഷൻ രജിസ്ട്രേഷൻ പതിനെട്ടാം തീയതി വരെ; അലോട്ട്മെന്റ് ഇരുപത്തി രണ്ടിന് പ്രസിദ്ധീകരിക്കും**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഏകജാലകം വഴി ബി.പി.എഡ്/ബി.എൽ.ഐ.എസ്.സി. പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റ് നടത്തുന്നതാണ്. ഇതിനായി ഈ മാസം പതിനെട്ടാം തീയതി വരെ പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും വേണ്ടി സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിന് പരിഗണിക്കാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്സ്വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്സ്വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ്. ലോഗിൻ ചെയ്തശേഷം അപേക്ഷകന് താൻ നേരത്തെ നൽകിയ അപേക്ഷയിലെ തെറ്റുകൾ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. മേൽ വിഭാഗത്തിൽപ്പെടാത്തവർക്ക് പുതുതായി ഫീസൊടുക്കി സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. ഓപ്ഷനുകൾ നൽകിയശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റ് ഔട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. സപ്ലിമെന്ററി അലോട്ട്മെന്റ് ഈ മാസം ഇരുപത്തി രണ്ടിന് പ്രസിദ്ധീകരിക്കും. ഓൺലൈൻ രജിസ്ട്രേഷനായി www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**വൈവാവോസി**

2017 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ നടത്തിയ ആറാം സെമസ്റ്റർ ബി.വോക് ലോജിസ്റ്റിക്സ് മാനേജ്മെന്റ് പരീക്ഷയുടെ ഇന്റേൺഷിപ്പ് വിത്ത് പ്രോജക്ട് വൈവാവോസി പരീക്ഷ സെപ്തംബർ 22ന് മാറമ്പള്ളി എം.ഇ.എസ്. കോളേജിലും എറണാകുളം സെന്റ് ആൽബർട്സ് കോളജിലും വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ജൂലൈ മാസം നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ. പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണ്ണയവും വൈവാവോസിയും സെപ്തംബർ 25 മുതൽ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കും. വിശദമായ സമയക്രമം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. പരീക്ഷാതീയതിയ്ക്ക് മുൻപായി പ്രോജക്ട് റിപ്പോർട്ടുകൾ ബന്ധപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതാണ്.

**പുനർമൂല്യനിർണ്ണയം: അപേക്ഷാ തീയതി നീട്ടി**

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (സി.എസ്.എസ്.) പരീക്ഷയുടെ ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയത്തിന് സെപ്തംബർ 18 വരെ അപേക്ഷിക്കാം.

**ഇന്നത്തെ സിൻഡിക്കേറ്റ് യോഗ തീരുമാനങ്ങൾ**

1. എം.ജി. സർവ്വകലാശാല നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് ശമ്പള കുടിശ്ശിക നൽകുന്നതുമായി ബന്ധപ്പെട്ട കേസിൽ, സർവ്വകലാശാലാ തലത്തിലുണ്ടായ വീഴ്ചകളെപ്പറ്റി, സിൻഡിക്കേറ്റംഗം ഡോ. എ. ജോസ് കൺവീനറായ സിൻഡിക്കേറ്റ് ലീഗൽ കമ്മിറ്റി സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് സിൻഡിക്കേറ്റ് അംഗീകരിച്ചു. (റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു).
2. ഗവേഷണ വിദ്യാർത്ഥികൾക്ക് സർവ്വകലാശാല നൽകുന്ന ജെ.ആർ.എഫ്. തുക 50 ശതമാനം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു.
3. 17 പേർക്ക് പി.എച്ച്.ഡി. ബിരുദം നൽകുവാൻ തീരുമാനിച്ചു.

യോഗത്തിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**